# *ദി ഹോബിറ്റ്: ആൻ അൺഎക്സപെക്റ്റഡ് ജേണി* പ്രീമിയർ സോണി പിക്സിലും, എ എക്സ് എന്നിലും സെപ്തംബർ 22ന്

**കൊച്ചി**: ബ്ലോക്ക്ബസ്റ്റർ ചലച്ചിത്രമായ '**ദി ഹോബിറ്റ് : ആൻ അൺഎക്സ്‌പ്പെക്റ്റഡ് ജേണി**' ആദ്യമായി ടെലിവിഷനിൽ. സെപ്റ്റംബർ 22ന് ഉച്ചക്ക് 1 മണിക്കും, രാത്രി 8 മണിക്കുമാണ് ഈ ചലച്ചിത്രം ആദ്യമായി സോണി പിക്സിൽ ടി വി പ്രീമിയർ ചെയ്യപ്പെടുന്നത്. സോണി പിക്സിന് പുറമെ, എ എക്സ് എൻ ചാനലിലും ചലച്ചിത്രം സംപ്രേക്ഷണം ചെയ്യും.

ബോക്സോഫീസിൽ 1 ബില്ല്യൻ ഡോളർ വാരിക്കൂട്ടിയ **ദി ഹോബിറ്റ് : ആൻ അൺ എക്സ്‌പ്പെക്റ്റഡ് ജേണി** ലോഡ് ഓഫ് ദി റിംഗ്സ് പരമ്പരയുടെ പ്രീക്വൽ ആണ്. ചലച്ചിത്ര പ്രീമിയറുകളുടെ സംപ്രേക്ഷത്തിലൂടെ വിപണി മേധാവിത്വം ഉറപ്പാക്കി കഴിഞ്ഞ വിനോദ ടെലിവിഷൻ ചാനലാണ് സോണി പിക്സ്.

"ഓരോ ചലച്ചിത്ര പ്രീമിയറിലൂടെയും പ്രേക്ഷകരുമായി കൂടുതൽ അടുക്കുക എന്നതാണ് സോണി പിക്ച്ചേഴ്സിന്റെ ശൈലി. പുത്തൻ ഉയർച്ചകളിലൂടെ മുന്നേറുന്ന സോണി പിക്സ് ഓരോ പ്രീമിയറിലൂടെയും പുതിയ മാർക്കറ്റിങ്ങ് ശൈലിയും മികച്ച ഉള്ളടക്കത്തിലൂടെയും പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റി കഴിഞ്ഞു," എന്ന് സോണി പിക്സ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡ് ശ്രീ സൗരഭ് യാഗ്നിക്ക് അഭിപ്രായപ്പെട്ടു.

സഹോദര ചാനലായ സോണി പിക്സിനൊപ്പം ദി ഹോബിറ്റിന്റെ പ്രീമിയർ സംപ്രേക്ഷണം ചെയ്യാനുള്ള ഒരുക്കത്തിലാണ് എ എക്സ് എൻ. മികച്ച ഹോളിവുഡ് ചിത്രങ്ങളുടെ പ്രീമിയർ പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുക വഴി ഒരു നല്ല ശതമാനം പ്രേക്ഷകരെക്കൂടി തങ്ങളുടെ ചാനലിന് മുന്നിൽ എത്തിക്കാൻ കഴിയുമെന്ന് എ എക്സ് എൻ നെറ്റ്‌വർക്ക് ഇന്ത്യയുടെ ബിസിനസ് ഹെഡ് സുനിൽ പഞ്ചാബി പറഞ്ഞു. ദി ഹോബിറ്റിന്റെ പ്രീമിയറിനൊപ്പം ട്വിറ്ററിൽ # thisiswhereitallbegan , #PixHobbitmoments എന്നിങ്ങനെ ഇന്ററാക്ടീവ് ആയ സംഭാഷണങ്ങളിലൂടെ പ്രേക്ഷകരോടൊപ്പം പ്രീമിയറിന്റെ ആഘോഷങ്ങളിൽ സോണി പിക്സ് പങ്കെടുക്കുകയും ചെയ്യും. പ്രീമിയറിനിടെ ചോദിക്കുന്ന അഞ്ച് ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകുന്ന പ്രേക്ഷകർക്ക് സമ്മാനങ്ങളും ലഭിക്കും.

## സോണി പിക്സ്

സോണി പിക്സ് എന്റർടെയിൻമെന്റിന്റെ ഉടമസ്ഥതയിലുള്ള മൾട്ടി സ്ക്രീൻ മീഡിയയുടെ ഭാഗമായ ഹോളിവുഡ് സിനിമാ ചാനലാണ് സോണി പിക്സ്. www.pixtelevision.com

## കൂടുതൽ വിവരങ്ങൾക്ക്

**Surya Girish** 9961322711/ **Vinay Mohan** 9037827814/

***Siyahi – The Content & PR People***